LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷവും വിവിധ സ്കീമുകളിൽപ്പെടുത്തി വിവിധ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ധനസഹായമനുസരിച്ച് ഏറ്റെടുക്കുന്ന വീടുകൾ യഥാസമയം പൂർത്തിയാകുന്നില്ലെന്ന് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ കറിപ്പിൽ പരാമർശിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ

198 (8034) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായും ടി വിഭാഗക്കാരെ ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി സംസ്ഥാനത്ത് അഞ്ച് മാതൃകാ കോളനികൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരപ്പുഴ, വാകേരി, കുഞ്ഞോം എന്നിവയാണ് മാതൃകാ കോളനികൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലത്ത് പരമാവധി 25 (ഇരുപത്തിയഞ്ച്) കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷി ഫാം, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയംപര്യാപ്ത കോളനി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) മാതൃകാ കോളനി സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്.

(ഡി) 125 വീടുകൾ നിർമ്മിക്കുന്നതിന് വീട് ഒന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ ആവശ്യമായ തുകയായ 6.65 കോടി രൂപ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതി സർക്കാർ അവലോകനം ചെയ്യുവരുന്നു.

പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രത്യേക പാക്കേജ്

199 (8035) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കോടി രൂപയാണ് പാക്കേജ് വഴി ചെലവാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly